# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5532 — 27/03/2018 ൽ മറുപടിക്ക്

## തെരുവുനായ്ക്കളെ കൊല്ലുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>,, വി.ഡി.സതീശൻ<br>,, റോജി എം. ജോൺ<br>,, അൻവർ സാദത്ത് | ഡോ: കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) അക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>(ബി) അക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലാം എന്ന സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ ; | (എ) & (ബി) നടപടി സ്വീകരിച്ചിട്ടില്ല. 1960 ലെ മൃഗങ്ങൾക്കെതിരെയുള്ള ക്രൂരത തടയൽ എന്ന കേന്ദ്ര നിയമത്തിലെ 13-ാം വകുപ്പ് പ്രകാരം പേവിഷബാധയേറ്റ നായകളെ മാത്രമേ കൊല്ലാൻ അനുവാദമുള്ളൂ. എ.ബി.സി. റൂൾസിലെ റൂൾ 9 പ്രകാരം മാരകമായി മുറിവേറ്റതും ഭേദമാകാത്ത അസുഖമുള്ളതുമായ നായകളെയും കൊല്ലാൻ വ്യവസ്ഥയുണ്ട്. |
| (സി) ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലും എന്ന് സർക്കാർ തത്വത്തിൽ തീരുമാനിച്ചതിനുശേഷം നാളിതുവരെ എത്ര നായ്ക്കളെ കൊന്നിട്ടുണ്ട്;ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ ; | (സി) അപ്രകാരം തീരുമാനിച്ചിട്ടില്ല. |

| | |
|---|---|
| (ഡി) തെരുവ് നായ്ക്കൾക്ക് വന്ധ്യംകരണവും പ്രതിരോധ കുത്തിവെയ്പ്പും നടത്തിയതിൽ സർക്കാരിന് നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ട്; | (ഡി) 1,95,88,667/-രൂപാ (ഒരു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എമ്പത്തിഎണ്ണായിരത്തി അറുനൂറ്റി അറുപത്തിയേഴ് രൂപാ മാത്രം) ഇതുവരെ ചെലവായിട്ടുണ്ട്. |
| (ഇ) ആക്രമണകാരികളായ തെരുവ് നായ്ക്കളെ കൊല്ലാനുള്ള സർക്കാർ തീരുമാനത്തിൽ നിന്നും പിന്നോക്കം പോയതിനുള്ള കാരണം വ്യക്തമാക്കുമോ ? | (ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ